## ന്യൂലൈഫ്

**ബൈബിൾ പഠന കോഴ്സ്**

# ക്രിസ്തുവിന്റെ ജീവിതം

**യൂണിറ്റ് E**

## പഠനം 1. വചനം ജഡമായിത്തീർന്നു

പേര്:

**വായിക്കുക: യോഹന്നാൻ 1:1–14& 20:30–31**

**താക്കോൽവാക്യം: യോഹന്നാൻ 1:14**

**"വചനം ജഡമായിത്തീർന്നു നമ്മുടെ ഇടയിൽ പാർത്തു ഞങ്ങൾ അവന്റെ തേജസ്സ് കണ്ടു"**

യേശുവിന്റെ ജീവിതത്തെക്കുറിച്ചുള്ള പഠനത്തിൽ നമുക്ക് യോഹന്നാൻ എഴുതിയ സുവിശേഷം ശ്രദ്ധിക്കാം.

പല രീതികളിലും ഈ സുവിശേഷം മറ്റ് മൂന്ന് സുവിശേഷങ്ങളായ മത്തായി, മർക്കോസ്, ലൂക്കോസ് എന്നിവയിൽ നിന്നും വ്യത്യാസപ്പെട്ടിരിക്കുന്നു.

ഈ കുറിപ്പുകൾ ശ്രദ്ധിക്കുക:

1. മത്തായിയിലും ലൂക്കോസിലും യേശുവിന്റെ ജനനത്തെക്കുറിച്ച് പറഞ്ഞിരിക്കുന്നതുപോലെ ഒന്നും തന്നെ യോഹന്നാൻ രേഖപ്പെടുത്തിയിട്ടില്ല.
2. യേശുകർത്താവ് ചെയ്ത എട്ട് അത്ഭുതങ്ങൾ മാത്രമേ യോഹന്നാൻ രേഖപ്പെടുത്തിയിട്ടുള്ളൂ (മത്തായി ഇരുപതും, മർക്കോസ് പതിനെട്ടും, ലൂക്കോസ് ഇരുപതും രേഖപ്പെടുത്തുന്നു) ഈ എട്ട് അത്ഭുതങ്ങളിൽ ആറെണ്ണവും മറ്റ് സുവിശേഷങ്ങളിൽ രേഖപ്പെടുത്തിയിട്ടില്ല.
3. യേശുവിന്റെ അനേകം വിശേഷപ്പെട്ട പേരുകൾ അഥവാ സ്ഥാനപ്പേരുകൾ യോഹന്നാൻ രേഖപ്പെടുത്തിയിരിക്കുന്നു. ഉദാഹരണത്തിന്, അവൻ ***"ദൈവത്തിന്റെ കുഞ്ഞാട്, ലോകത്തിന്റെ വെളിച്ചം, ജീവന്റ അപ്പം, നല്ല ഇടയൻ, സാക്ഷാൽ മുന്തിരിവള്ളി"*** എന്നിവയാണ്.
4. സുവിശേഷത്തിന്റെ പകുതിയോളവും യേശുവിന്റെ അവസാന ആഴ്ചകളെ കേന്ദ്രീകരിച്ചുള്ളതാണ്. പ്രധാനമായും യോഹന്നാൻ യേശുവിന്റെ മരണത്തേയും ഉയിർത്തെഴുന്നേല്പിനേയുമാണ് വ്യക്തമാക്കാൻ ശ്രമിക്കുന്നത്.

ഈ സുവിശേഷത്തിന്റെ പ്രാരംഭത്തിൽ തന്നെ യേശുവിനെ ***'വചനം'*** ആയിട്ട് പരിചയപ്പെടുത്തിയിരിക്കുന്നു. അവനെക്കുറിച്ച് പറഞ്ഞിരിക്കുന്ന ചില പ്രത്യേകമായ കാര്യങ്ങൾ ശ്രദ്ധിക്കുക.

1. അവൻ '**ആദിയിൽ**' ഉണ്ടായിരുന്നു. ***(വാക്യം 1)***
2. അവൻ '**ദൈവത്തോട് കൂടെ**' ആയിരുന്നു ***(വാക്യം 1)***
3. അവൻ '**ദൈവമായിരുന്നു**' ***(വാക്യം 1)***
4. സകലവും '**അവൻ മുഖാന്തിരം**' ഉളവായി ***(വാക്യം 3).***

ഇപ്രകാരമുള്ള പ്രസ്താവനകൾ വ്യക്തമാക്കുന്നത് യേശു ഒരു സാധാരണ വ്യക്തി അല്ലായിരുന്നു എന്നാണ്. അവൻ ഒരു അമാനുഷികനായവനും അല്ലായിരുന്നു. ബേത്‌ലഹേമിൽ ജനിച്ചപ്പോഴല്ല അവനിൽ ജീവൻ ആരംഭിച്ചത്. അവൻ ദൈവത്തെപ്പോലെ നിത്യനും സർവ്വശക്തനും ദൈവത്തിന്റെ സ്വഭാവവും ഗുണവിശേഷവുമുള്ളവനാണ് എന്നതാണ് സത്യം.



***യോഹന്നാൻ 20:30–31*** വീണ്ടും വായിക്കുക. എഴുത്തുകാരനായ യോഹന്നാൻ തന്റെ സുവിശേഷത്തിന്റെ ഉദ്ദേശ്യം വിവരിച്ചിരിക്കുന്നു. യേശു '**ദൈവപുത്രനാണ്**' എന്ന് ഇതു വായിക്കുന്നവരെല്ലാം മനസ്സിലാക്കണം എന്നാണ് അവൻ ആഗ്രഹിക്കുന്നത്. ഈ കാരണത്താൽ യേശുകർത്താവ് എത്ര പ്രത്യേകതകളുള്ളവനാണ് എന്നു പറഞ്ഞുകൊണ്ടാണ് തന്റെ സുവിശേഷം ആരംഭിക്കുന്നത്. സമയം ആരംഭിക്കുന്നതിനു മുമ്പ് ഉണ്ടായിരുന്നവനാണ് ഈ "**വചനം**".

യേശുവിനെ എന്തുകൊണ്ടാണ് "**വചനം**" എന്ന് വിളിച്ചത്? ഒരുപക്ഷെ ഏറ്റവും നല്ല ഉത്തരം ഇതായിരിക്കാം: ദൈവം എന്ന വ്യക്തിത്വത്തെ വെളിപ്പെടുത്തിയിരിക്കുന്നവനാണ് ഇവൻ. (നമ്മുടെ മനസ്സുകളിൽ ഒളിഞ്ഞു കിടക്കുന്ന ചിന്തകളെ വെളിപ്പെടുത്തുവാനാണ് നാം വാക്കുകൾ ഉപയോഗിക്കുന്നത്; നമ്മുടെ ചിന്തകൾ മനസ്സിലാക്കപ്പെടുന്നത് അവ വാക്കുകളാൽ പുറത്തു വരുമ്പോഴാണ്) ദൈവം തന്നെത്താൻ പൂർണ്ണമായും തന്റെ പുത്രനിൽ കൂടി വെളിപ്പെടുത്തി- "**വചനം**" ***(എബ്രായർ 1:1–3 ശ്രദ്ധിക്കുക).***

ഇതാണ് *14–ാം* വാക്യത്തിൽ സൂചിപ്പിക്കുന്നത്. "**വചനം ജഡമായി നമ്മുടെ ഇടയിൽ പാർത്തു**" ദൈവപുത്രനായ രക്ഷകന്റെ ഈ ലോകത്തിലേക്കുള്ള വരവാണ് യോഹന്നാന്റെ സുവിശേഷം ഇത്ര മനോഹരമായ വാക്കുകളാൽ പറയുന്നത്. അവൻ ജഡത്തിൽ (ശരീരം) വന്നതിനെ പലപ്പോഴും അവന്റെ **അവതാരം** എന്നറിയപ്പെടുന്നു. ദൈവമായിരുന്നുകൊണ്ടുതന്നെ പുത്രൻ മനുഷ്യനായി വന്നു ദൈവത്തിന്റെ ഈ അത്ഭുതത്തെ സൂചിപ്പിക്കുവാനാണ് ഈ വാക്ക് ഉപയോഗിക്കുന്നത്. നിത്യനായദൈവപുത്രൻ ദൈവത്വം നഷ്ടപ്പെടാതെ പൂർണ്ണമനുഷ്യനായി മാറി.

ഈ സുവിശേഷം പൂർണ്ണമായും ഈ വ്യക്തിയെക്കുറിച്ചാണ് പറഞ്ഞിരിക്കുന്നത്. നമ്മുടെ നിത്യമായ രക്ഷയ്ക്കായി നാം വ്യക്തിപരമായി അവനിൽ ആശ്രയിക്കുവാൻ എന്ന ഉദ്ദേശ്യത്തോടെ അവനെ സ്വീകരിക്കുവാൻ ഇത് നമ്മെ ക്ഷണിക്കുന്നു ***(വാക്യം 12).*** ഇപ്രകാരം ചെയ്യുന്നതിലൂടെയാണ് നാം ദൈവമക്കളാകുന്നതും അവന്റെ കുടുംബത്തിൽ ജനിക്കപ്പെടുകയും ചെയ്യുന്നത് ***(വാക്യം 13)*** നിങ്ങൾ വ്യക്തിപരമായി അവനെ സ്വീകരിച്ചിട്ടുണ്ടോ?

**1 യോഹന്നാന്റെ സുവിശേഷം മറ്റുള്ള മൂന്നു സുവിശേഷങ്ങളിൽ നിന്നും എപ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു എന്ന് നിങ്ങളുടെ സ്വന്തം വാക്കുകളിൽ എഴുതുക.**

..............................................................................................................................

..............................................................................................................................

.............................................................................................................................. (3)

**2 ചുവടെയുള്ള വാക്യങ്ങൾ നോക്കിയശേഷം, യേശുകർത്താവിന് നൽകിയിട്ടുള്ള പേരുകൾ ഓരോ വാക്യത്തിന്റേയും ശേഷം എഴുതുക.**

a. യോഹന്നാൻ 1:29 ............................................... c. യോഹന്നാൻ 10:9 ...............................................

b. യോഹന്നാൻ 14:6 ............................................... d. യോഹന്നാൻ 19:19............................................... (4)

**3 a. യേശുവിന്റെ ഏതു പേരാണ് യോഹന്നാൻ 1:1–ൽ മൂന്നുപ്രാവശ്യം കാണുന്നത്?**.........................................

..............................................................................................................................

b. ഈ പേരിന്റെ അർത്ഥം എന്താണെന്ന് നിങ്ങളാലാകും വിധം വ്യക്തമാക്കുക. ...................................................

.............................................................................................................................. (3)

**4 ചുവടെ കൊടുത്തിരിക്കുന്നവ ശരിയോ തെറ്റോ എന്നെഴുതുക.**

a. മത്തായി, മർക്കോസ്, ലൂക്കോസ് എന്നിവരുടെ സുവിശേഷങ്ങളുമായി യോഹന്നാന്റെ സുവിശേഷത്തിന് വളരെ സാമ്യമുണ്ട്. .................

b. പുതിയനിയമത്തിൽ മറ്റൊരിടത്തും ഇല്ലാത്ത ആറ് അത്ഭുതങ്ങൾ യോഹന്നാന്റെ സുവിശേഷത്തിൽ നൽകിയിട്ടുണ്ട്. .................

c. യേശുവിന്റെ ഭൗമികജീവിതത്തിലെ അവസാന ആഴ്ചയെക്കുറിച്ച് യോഹന്നാൻ സുവിശേഷം യാതൊന്നും പറയുന്നില്ല. .................

d. ദൈവപുത്രൻ ദൈവത്വം ഉപേക്ഷിക്കാതെ പൂർണ്ണമായും മനുഷ്യനായിത്തീർന്നതിനെയാണ് അവതാരം (ജഡമെടുക്കൽ) എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. .................

e. ദൈവം തന്റെ പുത്രനും നമ്മുടെ കർത്താവുമായ യേശുക്രിസ്തുവിലൂടെ തന്നെത്തന്നെ നമുക്ക് വെളിപ്പെടുത്തി. ................. (5)

**5 വളരെ അറിയപ്പെടുന്ന ഒരു ക്രിസ്തുമസ് കരോൾ ഗാനത്തിലെ വരികൾ ഇപ്രകാരമാണ്:**

ദൈവത്വം ജഡത്തിൽ മറച്ചു വെച്ചത് കാണുക, ജഡത്തിൽ വന്ന ദൈവത്വത്തെ പുകഴ്ത്തുക! ഈ കരോൾ ഗാനം ശരിയാണെന്ന് അംഗീകരിക്കുന്ന ഒരു വാക്യം വായനാഭാഗത്തുനിന്നും എഴുതുക.

..............................................................................................................................

.............................................................................................................................. (4)

**6 ചുവടെ കൊടുത്തിരിക്കുന്ന വാക്കുകൾ താഴെയുള്ള ഖണ്ഡികയിൽ ശരിയായ സ്ഥലത്ത് എഴുതുക.**

മനസ്സിൽ, വചനം, ചിന്തകൾ, ദൈവം, വെളിപ്പാട്, വാക്കുകൾ

നമ്മുടെ......................ഉള്ള ...................... നാം ...................... ഉപയോഗിച്ച് വെളിപ്പെടുത്തുന്നതുപോലെ യേശു കർത്താവും ...................... എന്ന നിലയിൽ ...................... എന്ന വ്യക്തിത്വത്തിന്റെ സമ്പൂർണ്ണ......................ആകുന്നു. (3)

**7 യോഹന്നാൻ 1:12–13 വായിക്കുക. കർത്താവായ യേശുവിന്റെ നാമത്തിൽ വിശ്വസിച്ച് അവനെ സ്വീകരിക്കുന്ന ഏത് വ്യക്തിക്കും ലഭിക്കുന്ന ഫലങ്ങൾ എന്തെല്ലാമാണെന്ന് എഴുതുക.**

..............................................................................................................................

.............................................................................................................................. (3)

**25**

ആകെ മാർക്ക്

# ക്രിസ്തുവിന്റെ ജീവിതം

## യൂണിറ്റ് E

## പഠനം 2. ദൈവത്തിൽ നിന്നു വന്ന ഉപദേഷ്ടാവ്

**വായിക്കുക: യോഹന്നാൻ 5:17 – 26 & 14: 1 – 6**

**താക്കോൽവാക്യം: യോഹന്നാൻ 6:68**

**"കർത്താവേ ഞങ്ങൾ ആരുടെ അടുക്കൽ പോകും? നിത്യജീവന്റെ വചനങ്ങൾ നിന്റെ പക്കലുണ്ട്"**

മറ്റ് സുവിശേഷങ്ങളിൽ രേഖപ്പെടുത്തിയിട്ടില്ലാത്ത നമ്മുടെ കർത്താവായ യേശുവിന്റെ അനേക പ്രസ്താവനകൾ യോഹന്നാന്റെ സുവിശേഷത്തിൽ കൊടുത്തിട്ടുണ്ട്. ഈ പഠനത്തിൽ നാം അപ്രകാരമുള്ള ചില കാര്യങ്ങളെ വീക്ഷിക്കാൻ പോവുകയാണ് പ്രത്യേകാൽ,

1. താൻ ദൈവത്തെക്കുറിച്ച് പറഞ്ഞ കാര്യങ്ങൾ

2. താൻ തന്നെക്കുറിച്ചു തന്നെ പറഞ്ഞ കാര്യങ്ങൾ

### ദൈവത്തെക്കുറിച്ചു പറഞ്ഞ കാര്യങ്ങൾ

ദൈവത്തോട് തനിക്ക് വളരെ പ്രത്യേകതയുള്ളതും നിസ്തുല്യവുമായ ഒരു ബന്ധം ഉണ്ടെന്ന യേശുവിന്റെ പ്രഖ്യാപനത്തെ യോഹന്നാന്റെ സുവിശേഷം വളരെ വ്യക്തമാക്കുന്നു. താൻ ദൈവത്തെ '**പിതാവ്**" എന്നോ '**എന്റെ പിതാവ്**" എന്നോ നൂറിലധികം പ്രാവശ്യം ഈ സുവിശേഷം രേഖപ്പെടുത്തുന്നത് ആ വസ്തുത ചൂണ്ടിക്കാണിക്കുന്നു.

ഈ ബന്ധത്തെക്കുറിച്ച് താൻ പറഞ്ഞ മൂന്ന് ഉദാഹരണങ്ങൾ (വായനാഭാഗത്തുനിന്നും) ശ്രദ്ധിക്കുക.

1. **"പിതാവ് പുത്രനെ സ്നേഹിക്കുകയും താൻ ചെയ്യുന്നതൊക്കെയും അവന് കാണിച്ചു കൊടുക്കുകയും ചെയ്യുന്നു"** (5:20)

2. **"എല്ലാവരും പിതാവിനെ ബഹുമാനിക്കുന്നതുപോലെ പുത്രനേയും ബഹുമാനിക്കേണ്ടതാകുന്നു"** (5:22)

3. **"പിതാവ് തന്നിൽ തന്നെ ജീവനുള്ളതുപോലെ പുത്രനും തന്നിൽ തന്നെ ജീവനുള്ളവൻ ആകുമാറ് വരം നൽകിയിരിക്കുന്നു"** (5:26)

ഇതെല്ലാം തന്നെ വളരെ ആശ്ചര്യജനകമായ പ്രഖ്യാപനങ്ങളാണ്. ഒരു പ്രവാചകനോ ഒരു ദൈവപുരുഷനോ ഇപ്രകാരമുള്ള വാക്കുകൾ ഒരിക്കലും ഉപയോഗിച്ചിട്ടില്ല. യേശു തന്നെത്താൻ **"ദൈവത്തോട് സമനാക്കി"** എന്നത് അവനോട് എതിർത്തു നിന്ന യഹൂദനേതാക്കന്മാർക്ക് പോലും വളരെ വ്യക്തമായിരുന്നു ***(5:8 വായിക്കുക)***

> **യേശു ദൈവമാണ്, അവൻ മനുഷ്യരുടെ ഇടയിൽ പാർക്കുവാൻ വന്ന പാപരഹിതനായ സമ്പൂർണ്ണ മനുഷ്യനാണ്.**

നാം എല്ലാവരും അഭിമുഖീകരിക്കേണ്ടുന്ന ചോദ്യം ഇതാണ്: ഈ പ്രഖ്യാപനങ്ങൾ സത്യമാണോ? യേശു യഥാർത്ഥത്തിൽ ദൈവപുത്രൻ തന്നെയാണോ? നാം ഒന്നാം പാഠത്തിൽ കണ്ടതുപോലെ, അവൻ ആരാണെന്നു പ്രഖ്യാപിച്ചതുപോലെ തന്നെയാണ് അവൻ എന്ന് തെളിയിക്കുകയാണ് ഈ സുവിശേഷത്തിന്റെ ലക്ഷ്യം. അതുകൊണ്ട് നാം അവനിൽ വിശ്വസിക്കുക തന്നെ വേണം. അപ്രകാരം ചെയ്യുന്നതിലൂടെ നിത്യജീവനെ പ്രാപിക്കുന്നു, അവനിൽ നിന്നും പിന്തിരിഞ്ഞു പോവുകയെന്നാൽ ന്യായവിധിക്കു (ശിക്ഷാവിധി) കീഴിൽ തുടരുന്നുവെന്നാണ് ***(5:24 വീണ്ടും വായിക്കുക).***

### തന്നെക്കുറിച്ച് പറഞ്ഞത്

യേശു പലപ്പോഴും "ഞാൻ ആകുന്നു" എന്ന രീതിയിലുള്ള അനേകം പ്രസ്താവനകൾ നടത്തിയതായി യോഹന്നാന്റെ സുവിശേഷത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. പഴയനിയമത്തിൽ ദൈവത്തിന് ഉപയോഗിച്ചിരിക്കുന്ന ഒരു നാമം '**ഞാൻ ആകുന്നു**' എന്നു തന്നെയാണെന്ന് മനസ്സിലാക്കുമ്പോൾ യേശുവിന്റെ പ്രസ്താവനകൾക്ക് വിശേഷപ്പെട്ട പ്രാധാന്യം ഉണ്ട് ***(പുറപ്പാട് 3:14 കാണുക)*** ചില വിശേഷണങ്ങൾ കൂട്ടിച്ചേർത്ത് കർത്താവ് ഈ രണ്ട് വാക്കുകൾ ഉപയോഗിച്ചപ്പോൾ താൻ ദൈവം തന്നെയാണ് എന്ന് അവകാശപ്പെടുകയായിരുന്നു.

യേശു ദൈവപുത്രനാണെന്ന് യോഹന്നാൻ തെളിയിക്കുമ്പോൾ ഈ **"ഞാൻ ആകുന്നു"** എന്ന പ്രസ്താവനകൾ തനിക്ക് വളരെയധികം പ്രാധാന്യമുള്ളതാണെന്ന് മനസ്സിലാക്കുവാൻ സാധിക്കും. ഇവ ഓരോന്നും ഈ പ്രഖ്യാനത്തിന്റ തെളിവുകളാണ്. ഇതാണ് ക്രിസ്തീയ വിശ്വാസത്തിന്റെ ഹൃദയഭാഗം എന്നു വിശേഷിപ്പിക്കാവുന്നത്.

**"ഞാൻ ആകുന്നു"** എന്ന പ്രസ്താവനകളിൽ വെച്ച് ഏറ്റവും അറിയപ്പെടുന്നത് ***യോഹന്നാൻ 14:6***-ൽ കാണുന്നു, ***"ഞാൻ തന്നെ വഴിയും സത്യവും ജീവനും ആകുന്നു ഞാൻ മുഖാന്തിരമല്ലാതെ ആരും പിതാവിന്റെ അടുക്കൽ എത്തുന്നില്ല"***

സ്വർഗ്ഗത്തിലേക്കുള്ള വഴി ചോദിച്ച തോമസിന് യേശു നൽകിയ മറുപടിയാണ് ഇത്. ആ സന്തോഷകരമായ സ്ഥലത്ത് എത്തുവാൻ തന്നിലൂടെ മാത്രമേ സാധിക്കൂ എന്നാണ് യേശുകർത്താവ് സ്പഷ്ടമാക്കുന്നത്. അതുകൊണ്ട് നമ്മുടെ വിശ്വാസം അവനിൽ മാത്രമാണ് എന്ന് നമുക്ക് ഉറപ്പാക്കാം. *8:12*-ലെ **"ഞാൻ ആകുന്നു"** എന്ന പ്രസ്താവന നമ്മുടെ സ്വർഗ്ഗത്തിലേക്കുള്ള വഴിയിൽ അവന്റെ സഹായവും നടത്തിപ്പും ഉറപ്പാണെന്ന് നമ്മെ ഓർമ്മപ്പെടുത്തുന്നു.

***"ഞാൻ ലോകത്തിന്റെ വെളിച്ചം ആകുന്നു എന്നെ അനുഗമിക്കുന്നവൻ ഇരുളിൽ നടക്കാതെ ജീവന്റെ വെളിച്ചമുള്ളവൻ ആകും"*** തന്നിൽ ആശ്രയിക്കുന്നവർക്കെല്ലാം അവർ പരാജയപ്പെടുത്താത്ത വഴികാട്ടിയാണ്.

സത്യത്തിൽ അവൻ **"ദൈവത്തിൽ നിന്നും വന്ന ഉപദേഷ്ടാവാണ്"** ***(യോഹന്നാൻ 3:2)*** അവന്റെ നിസ്തുല്യമായ പ്രഖ്യാപനങ്ങൾ നമുക്ക് വെല്ലുവിളിയാകട്ടെ. അവയെല്ലാം സത്യമാണോ? ഈ തെളിവുകളെല്ലാം പരിശോധിക്കുകയും വിശകലനം ചെയ്യുകയും ചെയ്തും ഈ അത്ഭുതവാനായ വ്യക്തിക്ക് **"നിത്യജീവന്റെ വചനങ്ങൾ"** ഉണ്ടെന്ന് ഉറപ്പിക്കുക, മാത്രമല്ല നമ്മുടെ നിത്യരക്ഷയ്ക്കായി മറ്റൊരുത്തനിലും നമുക്കു പോകുവാൻ കഴിയില്ല. ***യോഹന്നാൻ 6:67 – 69*** വായിക്കുക. ഇതിൽ നിന്നുമാണ് **താക്കോൽവാക്യം** എടുത്തിരിക്കുന്നത്.

**1** **യോഹന്നാന്റെ സുവിശേഷത്തിന്റെ അടിസ്ഥാനത്തിൽ യേശുകർത്താവ് ദൈവത്തെക്കുറിച്ച് ഏറ്റവും കൂടുതൽ പറഞ്ഞിരിക്കുന്നത് എപ്രകാരമാണ്?**

.......................................................................................................................................

....................................................................................................................................... 2

**2** **തന്റെ ഉപദേശത്തിൽ യേശു താൻ ദൈവത്തോട് സമനാണെന്ന് പ്രഖ്യാപിച്ചു. ഈ തുല്യതയെ സൂചിപ്പിക്കുന്ന ഒരു പ്രഖ്യാപനം യോഹന്നാൻ 5 – ലെ വായനാഭാഗത്തുനിന്നും എഴുതുക.**

.......................................................................................................................................

....................................................................................................................................... 3

**3** **തന്റെ "വചനം കേട്ട് അനുസരിക്കുന്നവർക്ക്" യോഹന്നാൻ 5:24 – ൽ യേശുകർത്താവ് നൽകുന്ന മൂന്ന് അനുഗ്രഹങ്ങൾ എന്തെല്ലാം?**

i). .......................................................................................................................................

ii). ....................................................................................................................................... 3

iii). .......................................................................................................................................

**4** **ബൈബിളിന്റെ സഹായത്തോടെ ചുവടെയുള്ള "ഞാൻ ആകുന്നു" പ്രസ്താവനകൾ പൂർത്തിയാക്കുക.**

യോഹന്നാൻ 6:35 "ഞാൻ........................................................................ആകുന്നു"

യോഹന്നാൻ 10:9 "ഞാൻ ........................................................................ആകുന്നു"

യോഹന്നാൻ 11:25 "ഞാൻ ........................................................................ആകുന്നു"

യോഹന്നാൻ 15:1 "ഞാൻ........................................................................ആകുന്നു" 4

**5** **ആ പഠനത്തിൽ രണ്ട് "ഞാൻ ആകുന്നു" പ്രസ്താവനകൾ പൂർണ്ണമായും ഉദ്ധരിച്ചിട്ടുണ്ട്. ചോദ്യം 4 – ൽ നിങ്ങൾ നാലെണ്ണം കൂടെ കണ്ടു. ഇനിയും ഒരെണ്ണം കൂടിയുണ്ട്. അതിനെ 10 – ാം അദ്ധ്യായത്തിൽ അന്വേഷിച്ചശേഷം ചുവടെ എഴുതുക.**

....................................................................................................................................... 3

.......................................................................................................................................

**6** **ഈ "ഞാൻ ആകുന്നു" പ്രസ്താവനകൾ യേശു മനുഷ്യ സാദൃശ്യത്തിൽ ഉള്ള ദൈവമാണെന്ന് തെളിയിക്കുവാൻ എപ്രകാരം സഹായിക്കുന്നു?**

.......................................................................................................................................

.......................................................................................................................................

....................................................................................................................................... 5

.......................................................................................................................................

**7** **യേശു സ്വർഗ്ഗത്തിലേക്കു പോകുവാനുള്ള അനേക വഴികളിൽ ഒന്നുമാത്രമാണെന്ന് പറയുന്ന ഒരു വ്യക്തിയോട് നിങ്ങളുടെ പ്രതികരണം എപ്രകാരമായിരിക്കും?**

.......................................................................................................................................

.......................................................................................................................................

....................................................................................................................................... 5

.......................................................................................................................................

**25**

ആകെ മാർക്ക്

ന്യൂലൈഫ്

ബൈബിൾ പഠന കോഴ്സ്

# ക്രിസ്തുവിന്റെ ജീവിതം

## യൂണിറ്റ് E

## പഠനം 3. മറ്റാരും ചെയ്തിട്ടില്ലാത്ത പ്രവൃത്തികൾ

**വായിക്കുക:യോഹന്നാൻ 11:1 – 3, 14 – 29&33 – 45**

**താക്കോൽവാക്യം: യോഹന്നാൻ 6:36**

**"ഞാൻ ചെയ്യുന്ന പ്രവൃത്തികൾ തന്നേ, പിതാവ് എന്നെ അയച്ചു എന്ന് എന്നെക്കുറിച്ച് സാക്ഷീകരിക്കുന്നു"**

യേശുകർത്താവ് ചെയ്ത അത്ഭുതങ്ങൾ എഴുതുന്നതിൽ താൻ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന ആ വലിയ വസ്തുതയ്ക്കായി കൂടുതൽ തെളിവുകൾ കണ്ടെത്തുന്നു - **"യേശു ദൈവപുത്രനായ ക്രിസ്തു"** ***(യോഹന്നാൻ 20:31).***

യോഹന്നാൻ എഴുതുന്ന അത്ഭുതങ്ങളെക്കുറിച്ച് **രണ്ട്** കാര്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്.

1. 1-ാം പാഠത്തിൽ പ്രസ്താവിച്ചതുപോലെ, 20 അത്ഭുതങ്ങൾ രേഖപ്പെടുത്തിയിട്ടുള്ള മത്തായി, 18 എണ്ണമുള്ള മർക്കോസ്, 20 എണ്ണമുള്ള ലൂക്കോസ് എന്നിവ താരതമ്യപ്പെടുത്തുമ്പോൾ എട്ടെണ്ണം മാത്രമാണ് യോഹന്നാൻ രേഖപ്പെടുത്തുന്നത്. തനിക്കറിയാമായിരുന്ന അനേകം അത്ഭുതങ്ങളിൽ നിന്നും താൻ ചിലത് വളരെ ശ്രദ്ധാപൂർവ്വം തിരഞ്ഞെടുത്തു എന്നാണ് നാം മനസ്സിലാക്കേണ്ടത്. യോഹന്നാൻ തന്റെ സുവിശേഷം എഴുതിയപ്പോൾ തന്റെ മനസ്സിന്റെ (പേനയുടേയും) നിയന്ത്രണം പരിശുദ്ധാത്മാവായിരുന്നു എന്നാണ് നാം വിശ്വസിക്കുന്നത്. താൻ ശിഷ്യന്മാരെ വിട്ടുപോയശേഷം **"കാര്യസ്ഥൻ"** (പരിശുദ്ധാത്മാവ്) വരും എന്ന് യേശുകർത്താവ് അവരെ പഠിപ്പിച്ചിരുന്നു. അവൻ വന്ന് അവരെ പഠിപ്പിക്കുകയും എല്ലാ കാര്യങ്ങളെക്കുറിച്ച് ഓർമ്മപ്പെടുത്തുകയും ചെയ്യും ***(യോഹന്നാൻ 14:26)*** യോഹന്നാൻ സുവിശേഷം എഴുതിയപ്പോഴും ഇതാണ് സംഭവിച്ചത് എന്നാണ് നാം വിശ്വസിക്കുന്നത്. തത്ഫലമായി യേശു ദൈവപുത്രനാണെന്ന് വ്യക്തമായി വെളിപ്പെടുത്തും വിധമുള്ള ചില അത്ഭുതങ്ങൾ തിരഞ്ഞെടുക്കുവാൻ സാധിച്ചു. ശരിക്കും **"മറ്റാരും ചെയ്തിട്ടില്ലാത്ത പ്രവൃത്തികൾ"** അവൻ ചെയ്തു ***(യോഹന്നാൻ 15:24).***

2. യേശുവിന്റെ അത്ഭുതങ്ങളെ വിശേഷിപ്പിക്കുന്നതിനായി യോഹന്നാൻ പലപ്പോഴും രണ്ട് വാക്കുകൾ കൂടെക്കൂടെ ഉപയോഗിച്ചു. ആ രണ്ട് വാക്കുകളാണ്

a. **പ്രവൃത്തികൾ** (ഉദാഹരണം, ***താക്കോൽവാക്യം**, 9:4*)

b. **അടയാളങ്ങൾ** (ഉദാഹരണം, *3:2; 20:30 – 31*)

യേശുകർത്താവ് ചില കാര്യങ്ങൾ ചെയ്തത് നമ്മുടെ ശ്രദ്ധ പിടിച്ചുപറ്റുന്നതിനാണ് (**പ്രവൃത്തികൾ**) എന്നാൽ അവയെല്ലാം ആത്മീയ സത്യങ്ങളെ ചൂണ്ടിക്കാണിക്കുന്നു (**അടയാളങ്ങൾ**) എന്ന് തന്റെ വായനക്കാർ മനസ്സിലാക്കുവാനാണ് ഈ രണ്ട് വാക്കുകളുടെ ഉപയോഗത്തിലൂടെ യോഹന്നാൻ ആഗ്രഹിച്ചത്. അതുകൊണ്ട് അവന്റെ പ്രവൃത്തികൾ ചൂണ്ടു പലകകൾ പോലെയാണ്, അവ നമ്മുടെ ശ്രദ്ധ ആവശ്യപ്പെടുന്നു. എന്നാൽ ഇവ വളരെ ശക്തമായതുകൊണ്ട് മാത്രമല്ല അവയേക്കാൾ വലിയ എന്തോ ചിലതിനെ സ്വയമായി വെളിപ്പെടുത്തുന്നു. ഉദാഹരണത്തിന്, ഭൗതികമായും നോക്കുമ്പോൾ അയ്യായിരം പേരെ പോഷിപ്പിച്ചത് (**അദ്ധ്യായം 6**) ഒരു വലിയ **"പ്രവൃത്തിയാണ്"** എന്നാൽ ഇത് ഒരു അടയാളം കൂടിയാണ്. ഇത് നമ്മെ **"ജീവന്റെ അപ്പമായ"** ഒരുവങ്കലേക്ക് അടുപ്പിക്കുന്നു.



യോഹന്നാന്റെ സുവിശേഷത്തിൽ നമ്മുടെ കർത്താവിന്റെ മരണത്തിനുമുമ്പുള്ള അവസാനത്തെ അത്ഭുതം ലാസറിനെ ഉയിർത്തെഴുന്നേൽപ്പിക്കുന്നതാണ്. ഈ സംഭവത്തെക്കുറിച്ച് രേഖപ്പെടുത്തിയിരിക്കുന്ന ഏക എഴുത്തുകാരൻ യോഹന്നാൻ മാത്രമാണ്. കുറച്ചു നിമിഷങ്ങൾക്ക് മുമ്പ് മരിച്ച യായിറോസിന്റെ മകളെ ഉയിർപ്പിക്കുന്നതും ശ്മശാനത്തിലേക്ക് കൊണ്ടുപോവുകയായിരുന്ന വിധവയുടെ മകനെ ഉയിർപ്പിച്ചതുമൊക്കെയാണ് മറ്റ് സുവിശേഷങ്ങളിലുള്ളത്. എന്നാൽ ലാസറിനെ സംബന്ധിച്ച് കുറച്ചു കൂടി കുഴപ്പം പിടിച്ചതായിരുന്നു. അവൻ മരിച്ച് കല്ലറയിൽ അടക്കം ചെയ്തിട്ട് നാലു ദിവസമായിരുന്നു! എന്നാൽ ഈ കാര്യവും ദൈവപുത്രനെ സംബന്ധിച്ച് വലിയ പ്രാധാന്യമുള്ള കാര്യമേ ആയിരുന്നില്ല. ദൈവത്തിന്റെ ശക്തിയിൽ ഒട്ടും കുറവില്ലാതെ ലഭ്യമാകേണ്ട ഒരു സാഹചര്യത്തിൽ തനിക്ക് ആ ശക്തിയുണ്ടെന്ന് യേശു തെളിയിച്ചതിലൂടെ അവൻ വീണ്ടും താൻ മനുഷ്യസാദൃശ്യത്തിൽ വന്ന ദൈവമാണെന്ന് വെളിപ്പെടുത്തുകയാണ് ചെയ്തത്. മരണത്തിന്റെ ചുറ്റുപാടിൽ എല്ലാ മനുഷ്യരും നിസ്സഹായരാകുന്ന അവസ്ഥയിൽ താൻ **"ജീവൻ"** ആണെന്ന് വെളിപ്പെടുത്തി *(11:25)*. ***"ലോകത്തിൽ വരുവാനുള്ള ദൈവപുത്രനായ ക്രിസ്തു യേശുവാണ്"*** എന്നതിന്റെ ഏറ്റവും നല്ല ഉപസംഹാര തെളിവാണ് ജീവനോടിരിക്കുന്ന ലാസർ *(11:27)* ഈ ആശ്ചര്യകരമായ സംഭവം അനേകർ അവനിൽ വിശ്വസിക്കുവാൻ ഇടവരുത്തി (***11:45 കാണുക***).

യോഹന്നാന്റെ സുവിശേഷം എല്ലായ്പോഴും ചെയ്യുന്നതുപോലെ നമ്മെ ഭൗതിക അത്ഭുതത്തിൽ നിന്നും ആഴമുള്ള ആത്മീയസത്യത്തിലേക്ക് നയിക്കുന്നു. കർത്താവായ യേശുവിൽ വിശ്വസിക്കുന്നതു വരെ നാമെല്ലാവരും ആത്മീയമായി **'മരിച്ചവരാണ്'**; എന്നാൽ പിന്നീട് നാം ആത്മീയമായി ജീവൻ പ്രാപിക്കുന്നു (***എഫെസ്യർ 21:4, 5 കാണുക***). ഒരിക്കൽ അപ്രകാരം സംഭവിക്കുമ്പോൾ നാം പിന്നീട് ഒരിക്കലും മരിക്കുന്നില്ല, അതായത് ദൈവം ഒരിക്കലും നമ്മിൽ നിന്ന് നിത്യജീവനെന്ന തന്റെ ദാനം എടുത്തുകളയുകയില്ല ***(യോഹന്നാൻ 11:26)***. യേശുകർത്താവിൽ വിശ്വസിക്കുന്നതിലൂടെ ***"മരണത്തിൽ നിന്നും ജീവനിലേക്ക്"*** കടക്കുന്നത് എത്രയോ മനോഹരമായി കാര്യമാണ്! ***(യോഹന്നാൻ 5:24).***

**1** യേശു പറഞ്ഞതും ചെയ്തതുമായ കാര്യങ്ങൾ സുവിശേഷത്തിൽ എഴുതുന്ന കർത്തവ്യത്തിൽ യോഹന്നാനെ (മറ്റ് സുവിശേഷങ്ങളുടെ എഴുത്തുകാരേയും) പരിശുദ്ധാത്മാവ് എപ്രകാരമൊക്കെയാണ് സഹായിക്കുക?

..........................................................................................................................

.......................................................................................................................... 2

**2** താക്കോൽവാക്യം വായിക്കുക ഈ വാക്യത്തിന്റെ അടിസ്ഥാനത്തിൽ യേശുവിന്റെ പ്രവൃത്തികൾ (അത്ഭുതങ്ങൾ) എന്ത് തെളിവാണ് വഹിക്കുന്നത്?

..........................................................................................................................

.......................................................................................................................... 2

**3** ചുവടെയുള്ള ചോദ്യങ്ങൾക്ക് ഒറ്റവാക്കിൽ ഉത്തരമെഴുതുക.

a. ലാസർ താമസിച്ച പട്ടണം (ഗ്രാമം)? ..........................................

b. അവന്റെ രണ്ട് സഹോദരിമാരുടെ പേരുകൾ? ..........................................

e. ലാസർ അടക്കപ്പെട്ട സമയദൈർഘ്യം? ..........................................

d. ലാസറിന്റെ ഭവനത്തിൽ നിന്നും യെരുശലേമിലേക്കുള്ള ദൂരം? ..........................................

e. യേശുവിന്റെ അടുക്കൽ ആദ്യം വന്ന സഹോദരി? .......................................... 5

**4** **A.** മരണത്തിൽ നിന്നും ഉയിർത്തെഴുന്നേറ്റ എത്ര പേരുടെ ഉദാഹരണങ്ങളാണ് സുവിശേഷങ്ങളിൽ കാണുന്നത്?

..........................................................................................................................

**B.** ലാസറിന്റെ കാര്യം മറ്റുള്ളവരിൽ നിന്നും എങ്ങനെ വ്യത്യാസപ്പെട്ടിരിക്കുന്നു?

.......................................................................................................................... 2

**5** **A.** യോഹന്നാൻ 11–ൽ ബൈബിളിലെ ഒരു ചെറിയ വാക്യം ഉൾപ്പെട്ടിട്ടുണ്ട് അത് കണ്ടുപിടിച്ചെഴുതുക.

..........................................................................................................................

**B.** അരികെ നിന്ന യഹൂദന്മാർ യേശുവിന്റെ കണ്ണുനീർ എന്തിന്റെ തെളിവായിട്ടാണ് മനസ്സിലാക്കിയത് 2

..........................................................................................................................

**6** യേശുകർത്താവിന്റെ ഉപദേശങ്ങളിൽ നിന്നും വളരെ ശക്തിയേറിയ നാല് നിഷേധാത്മകമായ കാര്യങ്ങൾ യോഹന്നാന്റെ സുവിശേഷ ത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. വിട്ടുപോയ ഭാഗം പൂരിപ്പിക്കുക.

a. യോഹന്നാൻ 6:35 "...................................... ഇല്ല"

b. യോഹന്നാൻ 10:28 "ഒരുനാളും .............................. "

c. യോഹന്നാൻ 6.:35 "ഒരുനാളും ...................................... "

d. യോഹന്നാൻ 11:26 "ഒരുനാളും ...................................... " 4

**7** ലാസറിനെ മരണത്തിൽ നിന്നും ഉയിർപ്പിച്ച അടയാളത്തിൽ നിന്നും നമ്മുടെ മനസ്സിലേക്ക് പകരപ്പെട്ട ആത്മീയ സത്യം എന്താണെന്ന് നിങ്ങളുടെ സ്വന്തം വാക്കുകളിൽ എഴുതുക.

..........................................................................................................................

.......................................................................................................................... 4

..........................................................................................................................

**8** യോഹന്നാൻ 9:1–7 വായിക്കുക. ഈ അടയാളം ഏത് ആത്മീയ സത്യത്തെയാണ് ചൂണ്ടിക്കാണിക്കുന്നതെന്നാണ് നിങ്ങൾ വിചാരി ക്കുന്നത്?

..........................................................................................................................

.......................................................................................................................... 4

..........................................................................................................................

25

ആകെ മാർക്ക്

# ക്രിസ്തുവിന്റെ ജീവിതം

**യൂണിറ്റ് E**

## പഠനം 4. മനുഷ്യപുത്രനും ഇതേപോലെ ഉയർത്തപ്പെടേണ്ടതാകുന്നു

**വായിക്കുക: യോഹന്നാൻ 3:14 – 24; 10:14 – 18**

**താക്കോൽവാക്യം: യോഹന്നാൻ 20:31**

**"എന്നാൽ യേശു ദൈവപുത്രനായ ക്രിസ്തു എന്ന് നിങ്ങൾ വിശ്വസിക്കേണ്ടതിനും വിശ്വസിച്ചിട്ട് അവന്റെ നാമത്തിൽ നിങ്ങൾക്ക് ജീവൻ ഉണ്ടാകേണ്ടതിനും ഇത് എഴുതിയിരിക്കുന്നു"**

ഈ അവസാന പാഠത്തിൽ പ്രധാനമായും നാം ക്രിസ്തുവിന്റെ കഷ്ടാനുഭങ്ങളേയും മരണത്തേയും ഉയിർത്തെഴുന്നേൽപ്പിനെയും കുറിച്ചാണ് ചിന്തിക്കുന്നത്. പ്രത്യേകിച്ച് നാം മറ്റ് സുവിശേഷങ്ങളിൽ കാണാത്ത ചില വിവരണങ്ങൾ നാം ശ്രദ്ധിക്കുന്നതായിരിക്കും.

തന്റെ മരണത്തെക്കുറിച്ച് നമ്മുടെ കർത്താവ് മുമ്പു കൂട്ടിപ്പറഞ്ഞ ഒരു വാക്യമാണ് ഈ പഠനത്തിന്റെ തലക്കെട്ടായി തിരഞ്ഞെടുത്തിരിക്കുന്നത്. അവൻ "**വീണ്ടും ജനനത്തെ**" കുറിച്ച് നിക്കോദിമോസിനോട് സംസാരിക്കുമ്പോൾ ഇത് എപ്രകാരം സാദ്ധ്യമാകും എന്ന് ഉദാഹരണം ഉപയോഗിച്ച് ഇപ്രകാരം പറഞ്ഞു, "**മോശ മരുഭൂമിയിൽ സർപ്പത്തെ ഉയർത്തിയതുപോലെ മനുഷ്യപുത്രനേയും ഉയർത്തേണ്ടതാകുന്നു അവനിൽ വിശ്വസിക്കുന്ന ഏവനും നിത്യജീവൻ പ്രാപിക്കേണ്ടതിനു തന്നെ**" ***(യോഹന്നാൻ 3:14 – 15)*** (മോശെയേയും സർപ്പത്തേയും കുറിച്ചുള്ള കഥ ***സംഖ്യാപുസ്തകം 21:49***- ൽ കാണാവുന്നതാണ്).

മറ്റ് രണ്ട് സന്ദർഭങ്ങളിൽ താൻ "**ഉയർത്തപ്പെടുന്നതിനെ**" കുറിച്ച് വീണ്ടും സംസാരിച്ചു ***(യോഹന്നാൻ 8:28& 12: 32, 33 കാണുക)***. യോഹന്നാന്റെ സുവിശേഷത്തിൽ മാത്രമാണ് ഈ പ്രയോഗങ്ങൾ കാണുന്നത്. ഈ കുറിപ്പുകളെക്കുറിച്ച് ചിന്തിക്കുക.

1. താൻ "**ഉയർത്തപ്പെട്ട്**" മരിക്കും എന്ന് തനിക്കറിയാമായിരുന്നു, അതായത് ക്രൂശുമരണം. ഇത് റോമൻ രീതിയിലുള്ള ശിക്ഷണനടപടിയാണ്. യെഹൂദന്മാരാണ് അവനെ കൊല്ലുവാൻ തുനിഞ്ഞിരുന്നതെങ്കിൽ അവർ അവനെ കല്ലെറിഞ്ഞു കൊല്ലുമായിരുന്നു.

2. തന്റെ മരണം മുഖാന്തിരം സകലർക്കും നിത്യജീവൻ ലഭ്യമാക്കുവാൻ സാധിക്കും എന്ന് തനിക്കറിയാമായിരുന്നു. *3:15*- ലെ "**ഏവനും**" എന്ന പ്രയോഗം ശ്രദ്ധിക്കുക. തന്റെ ക്രൂശിലെ മരണം മുഖാന്തിരം തന്നിൽ വിശ്വസിക്കുന്ന ഏവനും നിത്യജീവൻ ലഭിക്കും എന്ന് യേശുകർത്താവ് നിക്കോദിമോസിന് വ്യക്തമാക്കി.

3. തനിക്ക് വരുവാൻ പോകുന്ന മരണം സകലത്തിന്റേയും അവസാനമല്ല എന്നും തനിക്കറിയാമായിരുന്നു. *12:32*- ലെ വാക്കുകൾ ഈക്കാര്യം തെളിയിക്കുന്നു "***ഞാനോ ഭൂമിയിൽ നിന്ന് ഉയർത്തപ്പെട്ടാൽ എല്ലാവരേയും എന്നിലേക്ക് ആകർഷിക്കും***" നമുക്കറിയാം. ഇന്ന് ഏകദേശം 2000 വർഷങ്ങൾക്കുള്ളിൽ അനേകതരത്തിലുള്ള ആളുകൾ അവനിലേക്ക് വരികയും അവരുടെ പാപങ്ങളിൽ നിന്ന് രക്ഷിക്കപ്പെടുകയും ചെയ്തു! ***യോഹന്നാൻ 10:17& 18*** ചേർത്ത് ചിന്തിക്കുക "***എന്റെ ജീവൻ വീണ്ടും പ്രാപിക്കേണ്ടതിന് ഞാൻ അതിനെ കൊടുക്കുന്നു അതിനെ കൊടുപ്പാൻ എനിക്ക് അധികാരം ഉണ്ട്; വീണ്ടും പ്രാപിപ്പാനും അധികാരം ഉണ്ട്***" തന്റെ മരണവും അതിനുശേഷമുള്ള ഉയിർത്തെഴുന്നേല്പും സ്വയമനസ്സോടെ ചെയ്യുന്നുവെന്നാണ് താൻ പറഞ്ഞത്. എത്രയോ ആശ്ചര്യകരമായ പ്രഖ്യാപനം! പൂർണ്ണനിയന്ത്രണം അവന്റെ കയ്യിലാണ്, താൻ മരണത്തേക്കാളും ശക്തനാണ്.

4. അവൻ സംഭവിക്കുമെന്ന് പറഞ്ഞപ്രകാരം തന്നെയാണ് എല്ലാം സംഭവിച്ചത് എന്ന് ഈ കഥയിലൂടെ നമുക്കു കാണുവാൻ സാധിക്കുന്നു. യഹൂദന്മാർ അവനെ റോമാക്കാർക്ക് കൈമാറി ***(18:28 കാണുക)*** അവൻ ക്രൂശിക്കപ്പെട്ടു, ദൈവം തന്നെ ഏൽപ്പിച്ചതെല്ലാം ചെയ്തു തീർന്നപ്പോൾ അവൻ ഇപ്രകാരം നിലവിളിച്ചു "**സകലവും നിവൃത്തിയായി**" പിന്നീട് "**തന്റെ തല ചായ്ച്ച് തന്റെ ആത്മാവിനെ ഏൽപ്പിച്ചു കൊടുത്തു**" *(19:30 കാണുക).* മൂന്നു ദിവസത്തിനുശേഷം താൻ മുമ്പ് പറഞ്ഞപ്രകാരം അവൻ അതിനെ തിരികെ എടുത്തു. പിന്നീട് താൻ സ്വയമായി തന്റെ ശിഷ്യന്മാർക്ക് പല വ്യത്യസ്ത സന്ദർഭങ്ങളിൽ പ്രത്യക്ഷനായി താൻ തന്നെയാണ് മരിച്ചതെന്ന് അവർക്ക് ബോധ്യപ്പെടുത്തി.

"**യേശുക്രിസ്തു ദൈവപുത്രനാണെന്ന്**" തെളിയിക്കുകയാണ് യോഹന്നാന്റെ സുവിശേഷത്തിന്റെ ലക്ഷ്യം എന്നത് മനസ്സിൽ വെച്ചാൽ യേശുകർത്താവ് പറഞ്ഞിട്ടുള്ള വളരെ ശ്രദ്ധേയങ്ങളായ പ്രസ്താവനകൾ താൻ എന്തുകൊണ്ടാണ് ഉൾക്കൊള്ളിച്ചിരിക്കുന്നതെന്ന് മനസ്സിലാക്കുവാൻ നമുക്ക് വളരെ എളുപ്പമാണ്. താൻ ആരെക്കുറിച്ചാണോ എഴുതുന്നത് അവൻ വളരെ വിശേഷതയുള്ളവനാണ് എന്നാണ് യോഹന്നാൻ നമ്മോട് വ്യക്തമാക്കുന്നത് "സ്വന്തമായിട്ട് തന്നെക്കുറിച്ച് തന്നെ വ്യക്തമായും കൃത്യമായും സംസാരിച്ച ഈ വ്യക്തി ആരാണ്" എന്നുള്ള ഒരു ചോദ്യത്തിലേക്ക് എത്തും വിധം നാം വെല്ലുവിളിക്കപ്പെട്ടിരിക്കുന്നു. ഇതിന് യഥാർത്ഥത്തിൽ **ഒരേയൊരു ഉത്തരമേയുള്ളു!** അത് "യേശുക്രിസ്തുവും ദൈവപുത്രനുമാണ്"

നാം ഇപ്രകാരം ഒരു നിലപാടിലെത്തുമ്പോൾ നമുക്കു ചെയ്യുവാൻ സാധിക്കുന്ന ഏറ്റവും ശരിയായ കാര്യം നമ്മുടെ നിത്യരക്ഷയ്ക്കായി നമ്മെത്തന്നെ സമ്പൂർണ്ണമായി സമർപ്പിക്കുക എന്നതാണ്. "**അവനിൽ വിശ്വസിക്കുക**" എന്ന് ആവർത്തിച്ച് കാണുന്ന ആഹ്വാനത്തിലൂടെ യോഹന്നാൻ വ്യക്തമാക്കുന്നത് നമ്മുടെ പാപത്തിലും അയോഗ്യതയിലും നമ്മെ രക്ഷിക്കുവാൻ മറ്റാരും ഇല്ലാത്തതുകൊണ്ട് അവനെ പൂർണ്ണമായും വിശ്വസിച്ച് നമ്മെത്തന്നെ ഏൽപ്പിച്ചു കൊടുക്കുക. ആ ആദ്യപടി എടുത്ത ശേഷം അവനെ പൂർണ്ണമായും പ്രസാദിപ്പിക്കുന്ന തരത്തിൽ ജീവിക്കുന്നതെങ്ങനെയെന്ന് നാം കണ്ടെത്തേണ്ടത് ആവശ്യമാണ്.

## പഠനം 4. മനുഷ്യപുത്രനും ഇതേപോലെ ഉയർത്തപ്പെടേണ്ടതാകുന്നു

**1** A. 'വീണ്ടും ജനനത്തെക്കുറിച്ച്' യേശുകർത്താവ് ആരോടാണ് സംസാരിച്ചത്?..........

B. മോശെ മരുഭൂമിയിൽ സർപ്പത്തെ ഉയർത്തിയത് എന്തിനുവേണ്ടിയായിരുന്നു? ..........

..........

.......... (3)

**2** A. യേശു എപ്രകാരമാണ് "ഉയർത്തപ്പെട്ടത്"?

..........

B. അവന്റെ മരണം എപ്രകാരമാണ് നമുക്ക് വളരെ പ്രാധാന്യമേറിയതാകുന്നത്?

..........

.......... (4)

**3** ആരും അത് എന്നിൽ നിന്നും എടുത്തു കളയുന്നില്ല; ഞാൻ തന്നെ അതിനെ കൊടുക്കുന്നു (യോഹന്നാൻ 10:18).

A. യേശുകർത്താവ് ഈ കാര്യം പറഞ്ഞപ്പോൾ താൻ എന്തിനെക്കുറിച്ചാണ് ഉദ്ദേശിച്ചത്?

..........

..........

B. ഈ വാക്കുകൾ അവനെക്കുറിച്ച് നമുക്കു വെളിപ്പെടുത്തുന്നത് എന്ത്?

..........

..........

.......... (5)

**4** യേശുകർത്താവ് ക്രൂശിലായിരുന്നപ്പോൾ പറഞ്ഞ മൂന്നു കാര്യങ്ങൾ യോഹന്നാന്റെ സുവിശേഷത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു (ഇവ മറ്റൊരു സുവിശേഷത്തിലും കാണുന്നില്ല) അവ ചുവടെയെഴുതുക.

1. യോഹന്നാൻ 19:26, 27..........
2. യോഹന്നാൻ 19:28..........
3. യോഹന്നാൻ 19:30.......... (3)

**5** യോഹന്നാൻ യേശുവിനെക്കുറിച്ച് എന്തിനാണ് തന്റെ സുവിശേഷത്തിൽ എഴുതിയിരിക്കുന്നത് എന്ന് താക്കോൽ വാക്യത്തിൽ കൊടുത്തിരിക്കുന്നു. താൻ പറയുന്ന കാര്യങ്ങൾ നിങ്ങളുടെ സ്വന്തം വാക്കുകളിൽ എഴുതുക.

..........

..........

.......... (5)

**6** യോഹന്നാന്റെ സുവിശേഷം "വിശ്വസിക്കുക" എന്നതിനെക്കുറിച്ച് ആവർത്തിച്ചു പറയുന്നു. ഓരോ വാക്യങ്ങളും ശ്രദ്ധിച്ച് ചുവടെയുള്ളവ ശരിയോ തെറ്റോ എന്നെഴുതുക.

a. യോഹന്നാൻ 20:29 കാണാതെ വിശ്വസിക്കുന്നത് അസാദ്ധ്യമാണ് ..........

b. യോഹന്നാൻ 1:12- "അവന്റെ നാമത്തിൽ വിശ്വസിക്കുക" എന്നത് അവനെ സ്വീകരിക്കുന്നതുപോലെയാണ്. ..........

c. യോഹന്നാൻ 3:15- യേശുകർത്താവിൽ വിശ്വസിക്കുന്നതിലൂടെ നമുക്കു സൗജന്യമായി നിത്യജീവൻ പ്രാപിക്കാവുന്നതാണ്. ..........

d. യോഹന്നാൻ 3:36- നാം അവനിൽ വിശ്വസിക്കുകയോ വിശ്വസിക്കാതെയിരിക്കുകയോ ചെയ്യുന്നതുകൊണ്ട് വലിയ വ്യത്യാസമൊന്നുമില്ല. ..........

e. യോഹന്നാൻ 8:21&24- നാം അവനിൽ വിശ്വസിക്കുന്നില്ലെങ്കിൽ നാം നമ്മുടെ പാപങ്ങളിൽ മരിക്കുകയും ഒരിക്കലും സ്വർഗ്ഗത്തിലെത്തപ്പെടാതെയും ഇരിക്കും. .......... (5)

100
യൂണിറ്റിന്റെ ആകെ മാർക്ക്

Return your study sheets to:

25
ആകെ മാർക്ക്

© Bible Educational Services, P.O Box - 9, MOOKANNUR P.O., 683577, Ernakulam, KERALA ,E-mail : besindia1@gmail.com, www.besweb.org